# പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 163 | 27.6.11 ൽ മറുപടിക്ക്

## സംസ്ഥാനത്തെ എ.പി.എൽ, ബി.പി.എൽ കാർഡുടമകൾക്കുള്ള റേഷനരി വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.വി. വിജയദാസ് | ശ്രീ.ടി.എം.ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി.) |
| (എ) സംസ്ഥാനത്ത് നിലവിൽ എ.പി.എൽ, ബി.പി.എൽ കാർഡുടമകളുടെ എണ്ണം എത്ര വീതമാണെന്നുള്ള വിവരം ലഭ്യമാക്കുമോ; എ.പി.എൽ, ബി.പി.എൽ വിഭാഗത്തിൽ ഉൾപ്പെടാത്ത കുടുംബങ്ങൾ ഉണ്ടെന്നുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ;<br><br>(ബി) ഇവർക്ക് അടിയന്തിരമായി റേഷൻ കാർഡ് ലഭ്യമാകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (എ) & (ബി) സംസ്ഥാനത്ത് നിലവിൽ 5389924 എ.പി.എൽ കുടുംബങ്ങൾ, 1460735 ബി.പി.എൽ കുടുംബങ്ങൾ, 596752 എ.എ.വൈ കുടുംബങ്ങൾ ഉൾപ്പെടെ 7446411 റേഷൻ കാർഡുടമകളുണ്ട്. സംസ്ഥാനത്ത് നിലവിൽ എ.പി.എൽ, ബി.പി.എൽ , എ.എ.വൈ , എന്നീ വിഭാഗങ്ങളല്ലാതെ മറ്റ് വിഭാഗത്തിൽപ്പെടുത്തി റേഷൻ കാർഡ് നൽകി വരുന്നില്ല എന്നറിയിക്കുന്നു. റേഷൻ കാർഡിനുള്ള അപേക്ഷ ലഭിക്കുന്ന മുറക്ക് പരിശോധന നടത്തി ത്വരിതഗതിയിൽ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. |
| (സി) ബി.പി.എൽ കാർഡുടമകളെ തെരഞ്ഞെടുക്കുന്നതിനായി സർക്കാർ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന മാനദണ്ഡം എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (സി) ബി.പി.എൽ കാർഡുടമകളെ തെരഞ്ഞെടുക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ചിരിക്കുന്ന സ.ഉ.(കൈ) നം. 16/2011/തസ്വഭവ തീയതി 14.01.2011 അനുബന്ധമായി ചേർക്കുന്നു. |
| (ഡി) എ.പി.എൽ കാർഡിന് ഇരുപത്തി അഞ്ച് കിലോ വീതം നൽകുവാനുള്ള അരി കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ; | (ഡി) ഇല്ല. |
| (ഇ) ബി.പി.എൽ കാർഡുടമകൾക്ക് നൽകുവാനുള്ള അരി വിഹിതം കേന്ദ്രത്തിൽ നിന്ന് ലഭിക്കുന്നുണ്ടോ ഉണ്ടെങ്കിൽ എത്രയെന്നുകൂടി വ്യക്തമാക്കുമോ? | (ഇ) ബി.പി.എൽ കാർഡുടമകൾക്ക് 26666 മെ.ടൺ അരിയാണ് പ്രതിമാസം കേന്ദ്രം അനുവദിക്കുന്നത് . ഇത് കൂടാതെ 2011 ജൂൺ മുതൽ 2012 മാർച്ച് വരെയുള്ള മാസങ്ങളിലേയ്ക്ക് പ്രതിമാസം 9442 മെ.ടൺ അരി വീതം വിതരണം ചെയ്യു |

തക്ക വിധം ആകെ 94420 മെ.ടൺ അരി ബി.പി.എൽ വിഭാഗത്തിന് അഡ്ഹോക്കായി അനുവദിച്ചിട്ടുണ്ട്. ഇതുൾപ്പെടെ (28566 + 9442 = 38008 ) ഒരു ബി.പി.എൽ കാർഡിന് പ്രതിമാസം 24.65 കി.ഗ്രാം അരി വിതരണം ചെയ്യാൻ കഴിയും.

സെക്ഷൻ ഓഫീസർ